# ഗവ.എൽ .പി .സ്കൂൾ .എരുമക്കുഴി

## സമഗ്രഗുണമേൻമാ വിദ്യാലയ വികസന പദ്ധതി 2025 -26

# ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. വിദ്യാലയത്തിന്റെ ചരിത്രം
4. ലക്ഷ്യങ്ങൾ
5. ഭൗതിക സാഹചര്യങ്ങൾ നേട്ടങ്ങൾ ,പരിമിതികൾ ,
6.വിഷയ നിർദിഷ്ട ലക്ഷ്യങ്ങൾ
7.വിശദമായ പ്രവർത്തന പദ്ധതികൾ
8. ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

1.വിദ്യാലയത്തിന്റെ പേര് : ഗവ.എൽ .പി .സ്കൂൾ .എരുമക്കുഴി

വിലാസം : നൂറനാട് പി. ഒ

ഫോൺ : 0479-2387900

2. സ്കൂൾ കോഡ് : 36216

3.വിദ്യാഭാസ ഉപജില്ല : മാവേലിക്കര

4.വിദ്യാഭാസ ജില്ല : മാവേലിക്കര

5.റവന്യൂ ജില്ല : ആലപ്പുഴ

6.ബി .ആർ . സി : മാവേലിക്കര

7. സി .ആർ .സി : എരുമക്കുഴി

8. ഗ്രാമപ്പഞ്ചായത്ത് : പാലമേൽ

9. ബ്ലോക്ക് പഞ്ചായത്ത് : ഭരണിക്കാവ്

10. ജില്ലാ പഞ്ചായത്ത് : ആലപ്പുഴ

11. നിയമസഭാ മണ്ഡലം : മാവേലിക്കര

12 .ലോകസഭാമണ്ഡലം : മാവേലിക്കര

13 . താലൂക്ക് : മാവേലിക്കര

14 . വില്ലേജ് : പാലമേൽ

15.ഈ മെയിൽ

16ഫേസ്ബുക്ക് : ഗവ.എൽ .പി .സ്കൂൾ .എരുമക്കുഴി

# ആമുഖം

സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘട്ടങ്ങളിലൊന്നാണ് വിദ്യാഭ്യാസം .സുസ്ഥിര വികസനത്തിൽ അധിഷ്ടതമായ ഒരു ജനാതിപത്യ സമൂഹത്തിന്റെ സൃഷ്ടിയ്ക്ക് അനുയോജ്യമായ അറിവും മനോഭാവവും നൈപിണികളും മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത് മെച്ചപ്പെട്ട ജീവിതത്തിനു വേ ി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭാസത്തിന്റെ ലക്ഷ്യം .

നമ്മുടെ കുട്ടികൾ തന്നിലും കുടുംബത്തിലും ഒതുങ്ങി ചിന്തിക്കാതെ മറ്റുള്ളവരുടെ ഉയർച്ചക്ക് വേ ിയും സാമൂഹിക മൂല്യങ്ങളും സംഘബോധവും ഊട്ടി ഉറപ്പിക്കുന്ന കേരളത്തിന്റെ സാസ്കാരിക പാരമ്പര്യവും തനിമയും ഉൾകൊള്ളുന്നവരാകണം പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്രീയ നിലവാരത്തിലേക്ക് ഉയർത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ നിന്ന് കൊ ് നമ്മുടെ വികസന കാഴ്ചപ്പാടും പരിഷ്കരിക്കേ ിയിരിക്കുന്നു

വിദ്യാലയ മുത്തശ്ശി ആയ ഈ സരസ്വതി ക്ഷേത്രം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ നൂറനാടിന്റെ ഹൃദയ ഭാഗത്തു സ്ഥിതിചെയ്യുന്നു .കായംകുളം പുനലൂർ റോഡ് സ്കൂളിന്റെ മുൻവശത്തുകൂടി കടന്നുപോകുന്നു .നൂറനാട്ടെ അതിപ്രശസ്തവും അതിപുരാതനവുമായ പടനിലം പരബ്രഹ്മ ക്ഷേത്രത്തിലെ ഒരു കരയാണ് എരുമക്കുഴി .സ്ഥലനാമത്തെ കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞില്ല .

സ്കൂളിന്റെ സ്ഥാപനം കൊച്ചാശാൻ എന്നറിയപ്പെട്ടിരുന്ന മുതുകാട്ടുകരയള്ള ഒരു ആശാൻ കുടിപ്പള്ളിക്കൂടമായിട്ടാണ് ഈ സ്കൂൾ തുടങ്ങിയത് . തൊട്ടടുത്ത് ഇളയശ്ശേരി കുടുംബ വസ്തുവിൽ ഉൾപ്പെട്ട കുഴിയത്തു നാരായണൻ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സെന്റ് സ്ഥലമാണ് സ്കൂളിന്വേ ി വിട്ടു കൊടുത്തത്.പ്രാഥമിക വിദ്യാഭ്യാസം സവർത്രികമാകുന്നതിന്റെ ഭാഗമായി ഈ പ്രേദേശവാസികളുടെ ശ്രമഫലമായി ഈ വിദ്യാലയം സ്ഥാപിതമായി .

ആദ്യകാലങ്ങളിൽ ഈ വിദ്യാലയം മുതുകാട്ടുകര എസ് .എൻ .ഡി .പി .മന്ദിരം ,കാവുംപാട് മുസ്ളീം പള്ളി എപ്പോൾ നിൽക്കുന്ന സ്ഥലം എന്നീ

മൂന്നിടങ്ങളിലായാണ് പ്രവർത്തിച്ചിരുന്നത് .ഈ നാടിൻറെ സർവ്വതോന്മുഖമായ ഉന്നമനത്തിന് നിദാനമായ ഈ വിദ്യാലയ മുത്തശ്ശി ആയിരക്കണക്കിന് പിഞ്ചുകുഞ്ഞുങ്ങളെ അറിവിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്തിയിട്ടു ് .സമീപ പ്രേദേശങ്ങളിൽ കൂടുതൽ വിദ്യാലങ്ങൾ സ്ഥാപിക്കപ്പെടുകയും സി . ബി .എസ് .ഇ .വിദ്യാലയങ്ങൾ വ്യാപകമാകുകയും ചെയ്തതോടെ വിദ്യാലയം കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങളുടെ പട്ടികയിൽ ഇടംതേടി .ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക രംഗത്തും കാലാനുസതമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിയാതിരുന്നതും വിദ്യാലയത്തെ പിന്നോട്ട് നടത്തി .

പ്രൈമറി വിദ്യാലയങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തതോടെ വിദ്യാലങ്ങളുടെ മുഖഛായ മാറാൻ തുടങ്ങി .ഈ അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി എസ് .എസ് .എയുടെ സഹായത്തോടെയും ഈ സ്കൂൾ വികസന പാതയിലാണ്

# വിദ്യാലയത്തിന്റെ ചരിത്രം

ഈ വിദ്യാലയം 1901 ൽ  സ്ഥാപിതമായി എന്നാണ് പറയപ്പെടുന്നത് .അദ്യകാലത്തു ഈ സ്കൂളിന്റെ പേര് എസ്സ്. എം .ഒ .എൽ .പി .സ്കൂൾ എന്നായിരുന്നു .പിന്നീട് 4 വരെ ആയി .ആദ്യ കാലങ്ങളിൽ ഏകദേശം 30 ഓളം അധ്യാപകർ ഇവിടെജോലി ചെയ്തിട്ടു ്
.ഈ പ്രദേശത്തെ മറ്റു പ്രൈമറി സ്കൂളുകളെ അപേക്ഷിച്ചു ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്ന ഖ്യാതിയും ഇതിനു    ായിരുന്നു.

.പ്രൊ .കെ .ആർ .സി .പിള്ള ,എസ് .സി .ആർ .റ്റി. അധ്യാപക പരിശീലകൻ ഡോ .ഗോപാലകൃഷ്ണൻ ,പ്രശസ്ത ഇ .എൻ .ടി. ഡോ ഗോപാലകൃഷ്ണൻ മുതലായ അനേക പ്രതിഭകൾ ഈ സ്കൂളിന്റേതായു   ്. സൂരജ് വെല്ലൂർ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നത് ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിയാണ് .ഐസെർൽ  അഡ്മിഷൻ ലഭിച്ചു ഇപ്പോൾ ല    നിൽ ഉപരിപഠനം നടത്തുന്ന യതു കൃഷ്ണനും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ് .

## ലക്ഷ്യങ്ങൾ

1.മതനിരപേക്ഷ ജനാതിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2.അക്കാദമിക്ക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

3.എൽ .കെ .ജി . മുതൽ 4ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലുംവിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃ തമായി നേടേ ശേഷികൾക്കു ഊന്നൽ നൽകികൊ ുള്ള പ്രവർത്തനങ്ങളുംഅവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കല റും രൂപപ്പെടുത്തൽ.

4.അധ്യാപനവും അദ്ധ്യയനവും സർഗാത്മകവും രസകരമാകുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

5.ബാലികദിനത്തിൽ സാമൂഹിക സാംസ്കാരിക മേഖലകളിൽ മുന്നേറിയ വനിതകളുമായി സംവദിക്കൽ .

6.പെൺകുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന ക്ലാസുകൾ , പരിശീലനങ്ങൾ നിയമം ,അവകാശം എന്നിവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുമായി അഭിമുഖം .വിഷയങ്ങളിൽ ഊന്നിയുള്ള പഠനത്തിനപ്പുറം സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച സമഗ്രവികസനം ഉറപ്പാക്കുക .

7.അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക .

8.നാലാം താരത്തിലെത്തുന്ന കുട്ടിക്ക് മാതൃഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം ഇംഗ്ലീഷിലും സങ്കോചം കൂടാതെ ആശയവിനിമയം നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കുക.

9.ശാസ്ത്രം ,ഗണിതം ,സാമൂഹിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അതാതു ക്ലാസ്സിനനുസരിച്ചു ആശയ ദൃഢതയും അഭിരുചിയും ഉ ാക്കി യെടുക്കുക.

10.ജൈവ കൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക

11.പ്ലാസ്റ്റിക്മുക്ത കീടനാശനി മുക്ത വിദ്യാലയം സൃഷ്ടിക്കുക .

## ഭൗതികസാഹചര്യങ്ങൾ

നേട്ടങ്ങൾ

1.)125-ാം വർഷത്തിലേക്ക് കടക്കുന്ന സ്കൂളിന്
പുതിയ കെട്ടിടത്തിന്എം.ൽ .
എ ഫ ് അനുവദിച്ചു 1 -കോടി

2)പ്രധാനകെട്ടിടത്തിന്റെ കിഴക്കു ഭാഗത്തുള്ള
കെട്ടിടത്തിന്glassfitചെയ്ത് ക്ലാസുകൾ സുരക്ഷിതമാക്കി .

3)pp വർണ്ണകൂടാരം അനുവദിച്ചു (10 lakh.)

4)24-25ൽ മൂന്നാം ക്ലാസ്സിൽ ഒറ്റ ഡിവിഷൻ ആയി
പ്രവർത്തിച്ചത് 2025-26 അധ്യയനവർഷം ര ു
ഡിവിഷനുകളാക്കുവാൻ സാധിച്ചു .

5.)അടുക്കള നവീകരണത്തിന്റെ ഭാഗമായി കിച്ചൺ കം സ്റ്റോർ ന്റെ
പണി പൂർത്തിയാക്കാൻ സാധിച്ചു .

6)അപകടാവസ്ഥയിലായിരുന്ന യുറിനൽ ഒഴിവാക്കി പുതിയ
3യൂറിനൽ നിർമിച്ചു

7) pre-primary class കളിലേക്ക് keltoonൽനിന്ന്
സൗജന്യമായി tv,tab,speaker,mike,(portable) എന്നിവ ലഭിച്ചു .

8)കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്ന Hall-ന്റെ ഇരുവശങ്ങളും ഗ്രിൽ
ഇട്ടുസുരക്ഷിതമാക്കി

9)സ്കൂൾ ആവശ്യങ്ങൾക്ക് ഉപകാരപ്പെടുന്ന printer പഞ്ചായത്തിൽ
നിന്നും സൗജന്യമായി ലഭിച്ചു .

10).പച്ചക്കറിത്തോട്ടം നവീകരിക്കാൻ സാധിച്ചു .

11)കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപെട്ടതിന്റെ –
തെളിവായി ഈ വർഷം 6കുട്ടികൾക്ക് LSS ലഭിച്ചു

12)ക്ലാസ്സ് നവീകരണത്തിന്റെ ഭാഗമായി ഫാനുകൾ ഇല്ലാത്ത
ക്ലാസ്സുകളിൽ ഫാനുകൾ സ്ഥാപിച്ചു .

13)തിളപ്പിച്ചാറിയ ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ഉറപ്പു
വരുത്തുന്നതിന്റെ ഭാഗമായുള്ള ക്രമീകരണം (കെറ്റിൽ) സ്കൂളിൽ
ഏർപ്പെടുത്തി .

14)സ്കൂൾ നവീകരിക്കുന്നതിന്റെ ഭാഗമായി സുരേഷ് ബാബു
സാർ സ്കൂളിലേക്ക് പുസ്തകങ്ങൾ നൽകി .

15)Satsang Seva mission സ്കൂളിലെ എല്ലാ കുട്ടികൾക്കും
സൗജന്യമായി ഷർട്ട് വിതരണം ചെയ്തു .

പരിമിതികൾ

*കുട്ടികളുടെ കായിക വിദ്യാഭാസ്യത്തിനു പര്യാപ്തമാകുന്ന രീതിയിലുള്ള കളിസ്ഥലത്തിന്റെ പരിമിതിയു ് .

*ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേ തു ് .

*ICT പഠനത്തിനാവശ്യമായ smart classroom- ന്റെ പര്യാപ്തത

*മികച്ച ലാബ് ,ലൈബ്രറി സംവിധാനങ്ങൾ ഉ ങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം ഇല്ല

*ആധുനിക രീതിയിലുള്ള കംപ്യൂട്ടറുകൾ ഉ ങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഉപകരണങ്ങൾ ലഭ്യമല്ല .

*സ്ഥിരമായി ഇന്റർനെറ്റ് കണക്ഷനിൽ കവറേജ് ഇല്ലാത്തത്

ICT പഠനത്തിന് തടസം നേരിടുന്നു .

*k-phone ഉപയോഗ്യയോഗ്യമല്ല .

*മുഴുവൻ കുട്ടികൾക്ക് ഭാഷാഗണിതശേഷികൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല .സ്കൂളിൽ നിന്നും അതിനുള്ള കൈത്താങ് നൽകി വരുന്നു .

*വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന എണ്ണം കുറവാണ്.

*മത്സര പരീക്ഷകളിൽ പൊതുവിജ്ഞാന മേഖലകളിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേ തു ് . അതിനായുള്ള പ്രോത്സാഹനം സ്കൂളിൽ നിന്നും നൽകി വരുന്നു ് .

## വിഷയനിർദ്ധിഷ്ട ലക്ഷ്യങ്ങൾ

മാസ്റ്റർ പ്ലാൻ വിവിധ അക്കാദമിക ,പാഠ്യേതര മേഖലകളിലെ നിർദിഷ്ട ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു ,ഓരോ മേഖലയിലും വിദ്യാർത്ഥികൾക്ക് ലഭിക്കേ ഫലങ്ങൾ രൂപരേഖ ചെയുന്നു .

### A.ഭാഷാ വികസനം

ഭാഷാ വികസനത്തിനായുള്ള പൊതു ലക്ഷ്യങ്ങൾ ,എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക ,എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ ആശയ വിനിമയ ശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക എന്നിവയാണ് .കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും ,സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ,ആശയങ്ങൾ വിവിധ തരത്തിൽ ആവഷ്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു .മികച്ച വായനാശീലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ് ,ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനു ഊന്നൽ നൽകുന്നു .

### B.ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക ,ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്കു ധാരാളം അവസരങ്ങൾ നൽകുക എന്നിവയാണ് പ്രധാന ആശയവിനിമയ ലക്ഷ്യങ്ങൾ .സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു .വിഭവങ്ങളുടെ ഉപയോഗവും ഒരു പ്രധാന വശമാണ് ,ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസി സാധ്യതകൾ പ്രയോജനപ്പെടുത്തുക ,ആശയപരമായ അവതരണ രീതികളിലൂടെ അടിസ്ഥാന ഭാഷാ കഴിവുകൾ നേടുന്നതിന് സചിത്ര നോട്ടുബുക്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിവ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു .കൂടാതെ ,ക്ലാസ്സ്തലവായനാ കോർണറുകളിലും സ്കൂൾ ലൈബ്രറിയിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കാനും ‘ഹലോ ഇംഗ്ലീഷ് ‘മാതൃകയിൽ പാഠഭാഗങ്ങൾ അവർത്തരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യാനും പദ്ധതിയിൽ ഉൾപ്പെടുന്നു.

### C.പരിസരപഠനം

പരിസരപഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാസ്ത്രീയ താല്പര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു .ശാസ്ത്രീയ രീതികൾ സായത്വമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു .ലാബ് ആധുനികവത്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു .ലാബ് ആധുനിക സൗകര്യങ്ങളോടെ സജീകരിക്കുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് വർധിപ്പിക്കുകയും ചെടിയും .ശാസ്ത്രത്തിലെ നൂതന ആശയങ്ങളിൽ നിന്ന് കുട്ടികൾക്ക് പ്രയോജനം നേടാൻ പ്രാപ്തരാകുന്നതിലൂടെയും ശാസ്ത്ര വിദ്യാഭാസ്യത്തിനായി ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾപയോഗപ്പെടുത്തുന്നതിലൂടെയും നവീകരണവും സാങ്കേതികവിദ്യയും .
സമന്വയിപ്പിക്കുന്നു

## D.ഗണിതം

ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാകുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു .ഓരോ ക്ലാസും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതിയുടെ വിന്യാസത്തിന്റെ നിർണ്ണായകമാണ് .എല്ലാ കുട്ടികളിലും ഗണിത ചിന്ത ,യുക്തി ചിന്ത ,വിശകലന ശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകുന്നു .ഗണിത പഠനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു .

## E.ഐ .സി.ടി . സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ

വിവര സാങ്കേതിക വിദ്യാ (ICT ) സംബന്ധിച്ച് ,വിവര സാങ്കേതിക വിദ്യാ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യങ്ങൾ .കുട്ടികൾക്ക് കംമ്പ്യൂട്ടറുകൾ സ്വതന്ത്രമായും നിർഭയമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ് .ഏതു ഡിജിറ്റൽ സാക്ഷരതയും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നു .

## F. പ്രവൃത്തി പരിചയം

പ്രവൃത്തി പൈച്ചായ മേഖല എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു .പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകാരണങ്ങളോ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളോ ഉ ാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിലൂടെ
വിഭവസമാഹരണ ശേഷി വളർത്തുന്നതിനും ഇത് ഊന്നൽ നൽകുന്നു .പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ മറ്റുവിഷയങ്ങളുമായും പഠന മേഖലകളുമായും ബന്ധിപ്പിക്കുന്നതിലൂടെ ഒരു അന്തർവിഷയ ബന്ധം സ്ഥാപിക്കുന്നത് ഒരു പ്രധാന വശമാണ് .

## G. കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കെ ത്തുകയും കാലാഭിരുചി വളർത്തുകയും ചെയ്യുക എന്നത് ഉൾപ്പെടുന്നു .ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുന്നതിന് അവസരങ്ങൾ നൽകാനും ,ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയെ കലാവിദ്യഭ്യാസത്തിൽ സമന്വയിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു 'ഓരോ കുട്ടിയും ഒന്നാമനാണ് ' എന്ന വിശ്വാസം വളർത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം ഇത് ആത്മവിശ്വാസവും വ്യക്തിഗത സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നു .

## H ആരോഗ്യ കായിക വിദ്യാഭ്യാസം.

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ കുട്ടികളെ അവരുടെ മനസിന്റെ ശക്തിയെ കുറിച്ച് ബോധവാന്മാരാക്കുകയും ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് .എല്ലാ കുട്ടികൾക്കും ശാരീരിക ക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ് ,ഒപ്പം ആരോഗ്യകരമായ ശീലങ്ങൾ വളർത്തുകയും ചെയ്യുക .എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ നൽകാനും ,ക്യാമ്പസ്സിനെ മാലിന്യമുക്തവും ഹരിതാഭവുമാക്കി പാരിസ്ഥിക ആരോഗ്യത്തിന് സംഭാവന നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു .

## വിശദമായ പ്രവർത്തന പദ്ധതികൾ

a)മലയാളം പ്രവർത്തനങ്ങൾ.

മലയാളത്തിന്റെ അടിസ്ഥാനപരമായ വിടവുകൾ നികത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിട്ടു ്

*പുസ്തക പരിചയം

ചെറു പുസ്തകം കുട്ടികൾക്ക് നൽകി ലഘു വിവരണങ്ങൾ തയ്യാറാകുന്നു .അതിലൂടെ കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താൻ ലക്ഷ്യമിടുന്നു .

*ക്ലാസ് ലൈബ്രറി, വായനാസ്റ്റേഷൻ

എല്ലാ ക്ലാസ്സിലും ഉച്ചത്തിൽ വായിക്കുന്നതിന് പ്രത്യേക സ്ഥലംനൽകി
നല്ല വായനാ ശീലം വളർത്താൻ ലക്ഷ്യമിടുന്നു .

*ക്ലാസ്സ്തല കൈഎഴുത്തു പതിപ്പുകൾ

ക്ലാസ്സ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചു പതിപ്പ് നിർമ്മിക്കുന്നു അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു .

*സ്കൂൾ മാഗസിൻ

വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഭാഷാപരവും സർഗ്ഗാത്മകപരവുമായ സൃഷ്ടികൾ പ്രസിദ്ധികരിക്കുകയാണ് ലക്ഷ്യം

*മലയാളതിളക്കം

ഭാഷാപരവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ എഴുത്തും വായനയിലും മുൻനിരയിൽ എത്തിക്കുകയാണ് ലക്ഷ്യം

*സർഗ്ഗവേള

എല്ലാ ആഴ്ചയിലും സംഗീതം ,നൃത്തം ,ചിത്രരചന ,
തുടങ്ങിയ സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപികുകയുയാണ് ലക്ഷ്യം
കടങ്കഥപയറ്റ് ,പഴഞ്ചൊൽ പയറ്റ് ,റീഡേഴ്സ് തീയേറ്റർ ,ഭാഷോത്സവം
ഭാഷാപരമായുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനും സംഭാഷണ ശൈലികൾ ,ശബ്ദവൃതിയാനങ്ങൾ എന്നിവ ഉൾകൊ ് അവതരിപ്പിക്കുന്നതിനുമുള്ളഅവസരം നൽകുന്നു .

b)ഇംഗ്ലീഷ് പ്രവർത്തനങ്ങൾ

*ഇംഗ്ലീഷ് അസ്സംബ്ലി

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു

*ഇംഗ്ലീഷ് ഡയറി

തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ

*റീഡേഴ്സ് തീയേറ്റർ

ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കാൻ

*റീഡിംഗ് കാർഡുകൾ

ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു .

c)ഗണിതം പ്രവർത്തനങ്ങൾ

*ഗണിതമൂല

മഞ്ചാടി ,ഗെയിംസ് ബോർഡുകൾ ,കാർഡുകൾ,കളിനോട്ടുകൾ തുടങ്ങിയ വിഭവങ്ങളോടെ ഗണിതപരമായ ആശയങ്ങൾ സുഗമമായി പ്രാവർത്തികമാക്കുന്നു .

*ഗണിതം മധുരം

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു .

*ഉല്ലാസഗണിതം

ക്ലാസ്സിലെ കുട്ടികൾക്ക് കളികളിലൂടെ ഗണിതത്തോടു താൽപര്യം വളർത്തുന്നു

*ഗണിത വിജയം

3,4ക്ലാസ്സിലെ കുട്ടികൾക്ക് കളികളിലൂടെ ഗണിതത്തോട് താല്പര്യം വളർത്തുന്നു .

പരിസര പഠനം പ്രവർത്തനങ്ങൾ

*പരീക്ഷണ ശിൽപ്പശാല

കുട്ടികളിൽ പരീക്ഷണ നിരീക്ഷണ പാടവം വളർത്തുന്നു

*എന്റെ പരീക്ഷണക്കുറിപ്പ്

ശാസ്ത്രീയ അവബോധവും മനോഭാവവും വളർത്താൻ ലക്ഷ്യമിടുന്നു

*കുട്ടിശാസ്ത്രജ്ഞൻ

എല്ലാ കുട്ടികളിലും പരീക്ഷണ താൽപര്യം വളർത്തുന്നു

# ഉപസംഹാരം

ഗവ.എൽ .പി .എസ് എരുമക്കുഴി അക്കാദമിക മാസ്റ്റർപ്ലാൻ 2025-26 സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രവും ചിട്ടയായതുമായ ഒരു സമീപനത്തെ പ്രതിനിധീകരിക്കുന്നു,മനുഷ്യനെ മനുഷ്യത്വമുള്ളവനാകുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം എപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊ ിരിക്കുകയാണ് .അക്കാദമികമികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്,പരീക്ഷ മാർക്കുകളിലൂടെ മാത്രമല്ല നിരന്തരവും പ്രക്രിയധിഷ്ഠതുമായ വിലയിരുത്തലിലൂടെ വിദ്യാർത്ഥികളുടെ പുരോഗതി മനസിലാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു .ഇതിനു ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നു .നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാകുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു .